"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017–18 ഭവന നിർമ്മാണ പദ്ധതി പ്രകാരം രാജേഷ് ഷണ്മുഖൻ, പുത്തൻ പറമ്പിൽ, പല്ലന എന്നയാൾ കൈപ്പറ്റിയ 1,00,000/- രൂപയും അതിന്മേലുള്ള പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്ന് മരണപ്പെട്ട ഗുണഭോക്താവിന്റെ ഭാര്യയെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.10/2026/F&P തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 24/12/2025-ലെ DFTVM/3928/2024-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. 2017-18 ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി രാജേഷ് ഷണ്മുഖൻ, പുത്തൻ പറമ്പിൽ, പല്ലന എന്നയാൾക്ക് 2018 ൽ അനുവദിച്ച നാലു ലക്ഷം രൂപയിൽ ടിയാൻ 1,00,000/- രൂപ കൈപ്പറ്റുകയും, എന്നാൽ ഇക്കാലയളവിൽ ഹൃദയാഘാതത്താൽ ചികിത്സയിലാകുകയും 2022 ജനുവരി 9 ന് അപേക്ഷകൻ മരണപ്പെടുകയും ചെയ്തു. ആയതിനാൽ ടിയാൻ ആദ്യ ഗഡു ധനസഹായം കൈപ്പറ്റി നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഭവന നിർമ്മാണം ആരംഭിക്കുന്നതിനോ, തുടർ ഗഡുക്കൾ കൈപ്പറ്റുന്നതിനോ കഴിഞ്ഞിരുന്നില്ല. ഗുണഭോക്താവ് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് പ്രകാരം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതിരിക്കുകയോ, സർക്കാരിന്റെ നിബന്ധനങ്ങൾ തെറ്റിക്കുകയോ ചെയ്യുന്ന പക്ഷം കൈപ്പറ്റിയിരിക്കുന്ന ധനസഹായ തുക തിരിച്ചടയ്ക്കുന്നതാണെന്നും, അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ പ്രകാരം സർക്കാരിലേക്ക് തിരികെ ഈടാക്കും എന്നുമാണ്. ആയതിന്റെ ലംഘനം ടിയാളുടെ ഭാഗത്തുനിന്ന് ഉണ്ടായ സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും അപേക്ഷകനുമായി ബന്ധപ്പെട്ടവർക്ക് നോട്ടിസ് നൽകിയിരുന്നു. ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017-18 ഭവന നിർമ്മാണ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട രാജു ഷണ്മുഖൻ എന്നയാളുടെ കുടുംബത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് തുക തിരിച്ചടവിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു മരണപ്പെട്ട അപേക്ഷകന്റെ ഭാര്യ നവകേരള സദസ്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) രാജു ഷൺമുഖൻ എന്നയാൾ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. 2017-18 ഭവന നിർമ്മാണ പദ്ധതി പ്രകാരം, 12.02.2018 കൈപ്പറ്റിയ 1,00,000./- രൂപ, നവകേരള സദസ്സിൽ അപേക്ഷ സമർപ്പിച്ച 11.02.2023 വരെയുള്ള കാലയളവിലെ പലിശ കണക്കാക്കുമ്പോൾ 1,05,197/ രൂപയും മുതൽ ഇനത്തിൽ 1,00,000./- രൂപയും ചേർത്ത് 2,05,197/- രൂപ തിരിച്ചടക്കേണ്ടതായി വരുന്നു എന്നും, ഗുണഭോക്താവായ ടിയാന്റെ ഭാര്യ ഇപ്പോൾ വാടക വീട്ടിൽ താമസിക്കുന്നയാളും ഹൃദയ സംബന്ധമായ അസുഖമുള്ള വ്യക്തിയുമാണെന്നും, മകനായ വിപിൻരാജ് ഓട്ടോ ഓടിച്ചാണ് കുടുംബം മുന്നോട്ട് കൊണ്ട് പോകുന്നതെന്നും, ആയതിനാൽ സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന ടി കുടുംബത്തിന്, കൈപ്പറ്റിയ ധനസഹായമായ 1,00,000./- രൂപ പോലും തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണഭോക്താവിന്റെ മരണം, ഭാര്യയുടെ രോഗാവസ്ഥ, കുടുംബത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്നിവ മൂലം കൈപ്പറ്റിയ ധനസഹായം തന്നെ തിരിച്ചടക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യം പരിഗണിച്ച്, അപേക്ഷകയ്ക്ക് പലിശയും കൈപ്പറ്റിയ തുകയും ഒഴിവാക്കി നൽകുന്ന വിഷയം അനുഭാവപൂർവം പരിഗണിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച്, ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017–18 ഭവന നിർമാണ പദ്ധതി പ്രകാരം രാജേഷ് ഷണ്മുഖൻ, പുത്തൻ പറമ്പിൽ, പല്ലന എന്നയാൾ കൈപ്പറ്റിയ 1,00,000/- രൂപയും അതിന്മേലുള്ള പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്ന് മരണപ്പെട്ട ഗുണഭോക്താവിന്റെ ഭാര്യയെ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 07-01-2026 11:01:28